# 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള ബില്ലും**

244/2013.

# ഉള്ളടക്കം

| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | xi |
| സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി II

ഭൂനികുതിയും ദേവസ്വവും

(2011-13)

### ഘടന

ചെയർമാൻ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൾ റസാക്

„ ബാബു എം. പാലിശ്ശേരി

„ സി. കെ. നാണു

„ എ. പ്രദീപ്കുമാർ

„ പാലോട് രവി

„ സി. കെ. സദാശിവൻ

„ വി. പി. സജീന്ദ്രൻ

„ എൻ. ഷംസുദ്ദീൻ

„ വി. എസ്. സുനിൽ കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി

„ എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയച്ച 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ 2013 ഫെബ്രുവരി മാസം 1-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2013 ഫെബ്രുവരി 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2013 ഫെബ്രുവരി 14-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

### ഖണ്ഡം 2

2-ാം ഖണ്ഡത്തിൽ, (i)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (എ) ഖണ്ഡത്തിൽ "നിയമിക്കുന്ന" എന്ന വാക്കിനുപകരം "ചുമതലപ്പെടുത്തുന്ന" എന്ന വാക്ക് ചേർക്കേണ്ടതാണ്.

### ഖണ്ഡം 3

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന,—

(1) 2എ വകുപ്പിലെ, (2)-ാം ഉപവകുപ്പിൽ,—

(i) (ii)-ാം ഇനത്തിൽ "അംഗം" എന്ന വാക്കിനുപകരം "കൺവീനർ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (iv)-ാം ഇനത്തിൽ "കൺവീനർ" എന്ന വാക്കിനുപകരം "അംഗം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) സംസ്ഥാന ഉന്നതതല സമിതിയിലെ ഔദ്യോഗിക അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശ തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്."

(3) 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2ബി വകുപ്പിൽ, "സർക്കാർ നിയമിക്കുന്ന, ഡെപ്യൂട്ടി ലാന്റ് റവന്യൂ കമ്മീഷണർ അഥവാ അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത," എന്ന വാക്കുകൾക്ക് പകരം "സർക്കാർ ചുമതലപ്പെടുത്തുന്ന ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 4

(1) 4-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന,—

(i) (പി) ഖണ്ഡത്തിൽ, "സബ് കളക്ടർ അഥവാ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (ക്യു) ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ക്യു) ജില്ലയിലെ രജിസ്റ്റർ ചെയ്ത മണൽ വാരൽ തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ;"

(iii) (ആർ) ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) ജില്ലയിലെ എല്ലാ താലൂക്കുകളിലെയും തഹസിൽദാർമാരും മണൽവാരൽ നിയന്ത്രണവുമായി ബന്ധപ്പെട്ട് അധികാരിതയുള്ള അഡീഷണൽ തഹസിൽദാർമാരും";

(2) (2)-ാം ഉപഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "സബ് കളക്ടർ അഥവാ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

ഖണ്ഡം 5

5-ാം ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (ജെ) ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) പ്രസ്തുത പ്രദേശത്തെ രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടനകളിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ.".

ഖണ്ഡം 7

(1) 7-ാം ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക, അതായത്:—

"(ii) (4)-ാം ഉപവകുപ്പിൽ "10" എന്ന അക്കത്തിനുപകരം "15" എന്ന അക്കം ചേർക്കുക;"

(2) 7-ാം ഖണ്ഡത്തിലെ നിലവിലുള്ള (ii)-ാം ഉപഖണ്ഡം (iii) എന്ന് പുനരക്കം ചെയ്യുക.

(3) പുനരക്കം ചെയ്ത (iii)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (5)-ാം ഉപവകുപ്പിൽ "സംരക്ഷണഭിത്തി യിൽ നിന്നോ ഒരു കിലോമീറ്റർ ദൂരത്തിനുള്ളിലും" എന്ന വാക്കുകൾക്കുപകരം "അവയുടെ സംരക്ഷണഭിത്തിയിൽ നിന്നോ" എന്ന വാക്കുകളും "പ്രവർത്തനവേദി യിൽ നിന്നും 500 മീറ്റർ ദൂരത്തിനുള്ളിലും" എന്ന വാക്കുകൾക്കുപകരം "പ്രവർത്തന വേദിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

ഖണ്ഡം 9

ഖണ്ഡം 9-നുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"9. 17-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലുള്ള ഓരോ പഞ്ചായത്തിനും വേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യുന്ന, റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (5)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(6) (1)-ാം ഉപവകുപ്പ് പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്ന തിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുമായി ഫണ്ടിൽ നിന്നും വിനിയോഗി ക്കേണ്ടതാണ്."

4. മറ്റു മാറ്റങ്ങൾ ഘടനാപരമോ ആനുഷംഗികമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.

അടൂർ പ്രകാശ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2013 ഫെബ്രുവരി 14.

# വിയോജനക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിനോടുള്ള ഞങ്ങളുടെ വിയോജനം താഴെപ്പറയുന്ന കാരണങ്ങളാൽ രേഖപ്പെടുത്തുന്നു:

1. ഓരോ കടവിൽ നിന്നും വാരാൻ കഴിയുന്ന മണലിന്റെ അളവ് നിശ്ചയിക്കാൻ അധികാരപ്പെടുത്തിയിരിക്കുന്ന കടവ് കമ്മിറ്റിയിലും, സംസ്ഥാനതല മേൽനോട്ടത്തിനായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാനതലസമിതിയിലും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രാതിനിധ്യം ഈ ബിൽ മുഖേന നൽകിയിട്ടില്ല.

2. കടവ് കമ്മിറ്റിയിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് നിർണ്ണായകമായ അധികാരം നൽകിയിട്ടില്ല.

3. നിയമലംഘകർക്ക് കർക്കശമായ ശിക്ഷ ഉറപ്പാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

4. പ്രത്യേക സംരക്ഷണസേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും ബില്ലിൽതന്നെ വ്യവസ്ഥ ചെയ്തിട്ടില്ല.

5. നദിയുടെ ഇരുകരകളിൽ നിന്നും 25 മീറ്റർ വീതം വിട്ടതിനുശേഷമേ മണലെടുക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

| | |
|---|---|
| സി. കെ. സദാശിവൻ | (ഒപ്പ്) |
| എ. പ്രദീപ്കുമാർ | (ഒപ്പ്) |
| ബാബു എം. പാലിശ്ശേരി | (ഒപ്പ്) |

## വിയോജനക്കുറിപ്പ്

സംസ്ഥാനത്തെ നിരവധി ജില്ലകളിൽ തുറമുഖ വകുപ്പിന്റെ മേൽനോട്ടത്തിൽ മണൽവാരൽ പ്രക്രിയ നടന്നുവരുന്നുണ്ട്. അഴിമുഖത്തേക്ക് ഒഴുകിവരുന്ന പുഴകളിൽ നിന്നും അഴിമുഖത്തുനിന്നും തുറമുഖ വകുപ്പ് മണൽ ഡ്രെഡ്ജിംഗ് യന്ത്രം ഉപയോഗിച്ചും തൊഴിലാളികളെ ഉപയോഗിച്ചും നടന്നുവരുന്നുണ്ട്. ഉപ്പുകലർന്ന ഈ മണൽ തുറമുഖ വകുപ്പിന്റെ പാസ്സ് നൽകി കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി വിൽപ്പന നടത്തിവരുന്നുണ്ട്. കപ്പൽ ചാലുകളിലെ ആഴം നിലനിർത്താനാണ് ഡ്രെഡ്ജിംഗ് നടത്തുന്നതെങ്കിലും പുഴമണൽ ക്ഷാമം വ്യാപകമായതോടെ തുറമുഖ വകുപ്പിന്റെ കീഴിൽ ധാരാളം മണൽവാരുന്ന കടവുകൾ രൂപപ്പെട്ടിരിക്കുകയാണ്. തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ എന്ന പേരിൽ മണൽവാരൽ നടത്തുന്നവർ വൻ മാഫിയകളായി മാറിയിരിക്കുന്നു.

കേരളത്തിലെ നദികളിൽ നിന്നുള്ള മണൽവാരലിന് സമയവും നിബന്ധനകളും ബാധകമാകുന്ന നിയമങ്ങളും ചട്ടങ്ങളുമുണ്ടെങ്കിലും പോർട്ട് വകുപ്പിന്റെ കീഴിലെ മണൽവാരൽ കടവുകളിൽ നിന്നും 365 ദിവസവും മണൽവാരൽ നിർബാധം നടക്കുകയാണ്. ഉപ്പുകലർന്ന ഈ മണൽ വ്യാപകമായി കെട്ടിട നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിച്ചുവരികയാണ്. ഉപ്പുമണൽകൊണ്ട് കെട്ടിടം നിർമ്മിച്ചാൽ ഭാവിയിൽ വൻദുരന്തങ്ങൾക്ക് ഇടവരും. നിലവിലുള്ള കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലോ ഇപ്പോൾ 2013-ലെ ഭേദഗതി നിയമത്തിലോ ഈ മേഖലയിലെ മണൽവാരൽ നിയന്ത്രിക്കാനുള്ള ഒരു വ്യവസ്ഥയുമില്ല. പുഴകളിൽ നിന്നും മണൽവാരുന്നതിൽ നിരവധി നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും പുഴമണൽ വ്യാപകമായി അനധികൃത വിൽപ്പന സംസ്ഥാനത്തു നടന്നുവരുന്നുണ്ട്. മണൽ വില നിശ്ചയിക്കുന്നതിന് യാതൊരുവിധ മാനദണ്ഡങ്ങളും നിലവിലില്ല. ഇതുമൂലം മണൽവില ഗണ്യമായി വർദ്ധിച്ചുവരുന്നു. മണൽ മാഫിയകൾ കൃത്രിമമായി വില വർദ്ധിപ്പിക്കുന്നതിന് അധികാരികളും സഹായികളാകുകയാണ്. പുതിയ നിയമഭേദഗതിയിൽ മണൽവില നിയന്ത്രിക്കുന്നതിനാവശ്യമായ വ്യവസ്ഥകളൊന്നും ചേർത്തിട്ടില്ല എന്നതിനാലും, നദികളുടെ ഇരുകരകളെയും, സംരക്ഷണ ഭിത്തികളെയും സംരക്ഷിക്കുന്നതിനുള്ള വകുപ്പ് അപര്യാപ്തമായതിനാലും വിയോജനം രേഖപ്പെടുത്തുന്നു.

വി. എസ്. സുനിൽ കുമാർ (ഒപ്പ്)

# 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നതും സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കിയതിനെയും സൂചിപ്പിക്കുന്നു.]

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡം ആയി പുനരക്ഷരം ചെയ്യേണ്ടതും, അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിനുമുമ്പായി, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ 2 ബി വകുപ്പു പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ലാന്റ് റവന്യൂ കമ്മീഷണർ എന്നർത്ഥമാകുന്നതും അതിൽ പ്രസ്തുത വകുപ്പ് പ്രകാരം അദ്ദേഹത്തെ സഹായിക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;" ;

(ii) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "സംസ്ഥാന ഉന്നതതല സമിതി" എന്നാൽ 2എ വകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതി എന്നർത്ഥമാകുന്നു;" ;

(iii) (കെ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെഎ) "പ്രത്യേക സംരക്ഷണ സേന" എന്നാൽ 26എ വകുപ്പ് പ്രകാരം രൂപീകരിക്കുന്ന പ്രത്യേക സംരക്ഷണസേന എന്നർത്ഥമാകുന്നു.".

3. 2എ, 2ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം II-ൽ 3-ാം വകുപ്പിന് മുമ്പായി താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"2എ. സംസ്ഥാന ഉന്നതതല സമിതിയുടെ രൂപീകരണം.—(1) ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി, സർക്കാർ, ഗസറ്റ് വിജ്ഞാപനം മുഖേന, ഒരു സംസ്ഥാന ഉന്നതതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | റവന്യൂ വകുപ്പുമന്ത്രി | .. | ചെയർമാൻ |
| (ii) | റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി | .. | കൺവീനർ |
| (iii) | നിയമ വകുപ്പ് സെക്രട്ടറി | .. | അംഗം |
| (iv) | ലാന്റ് റവന്യൂ കമ്മീഷണർ | .. | അംഗം |
| (v) | ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടർ | .. | അംഗം |
| (vi) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ | .. | അംഗം |
| (vii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ | .. | അംഗം |
| (viii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ | .. | അംഗങ്ങൾ |
| (ix) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ | .. | അംഗങ്ങൾ |

(3) സംസ്ഥാന ഉന്നതതല സമിതി, രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും, ചെയർമാൻ തീരുമാനിക്കുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്.

(4) സംസ്ഥാന ഉന്നതതല സമിതി യോഗത്തിനുള്ള കോറം അഞ്ച് ആയിരിക്കുന്നതും അതിൽ ഒരാൾ, (2)-ാം ഉപവകുപ്പിലെ (viii)-ാം ഇനത്തിൻ കീഴിൽ വരുന്ന ഒരു ശാസ്ത്രജ്ഞൻ ആയിരിക്കേണ്ടതുമാണ്.

(5) ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള യാതൊരു പദ്ധതിക്കും സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകിയിട്ടില്ലാത്തപക്ഷം ഭരണാനുമതി നൽകുവാൻ പാടുള്ളതല്ല.

(6) സംസ്ഥാന ഉന്നതതല സമിതിക്ക്, ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശ യില്ലാതെതന്നെ, അതിന് യുക്തമെന്ന് തോന്നുന്ന ഏതൊരു പദ്ധതിക്കും അംഗീകാരം നൽകുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) സംസ്ഥാന ഉന്നതതല സമിതിയിലെ ഔദ്യോഗിക അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശ തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

2ബി. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.—(1) ലാന്റ് റവന്യൂ കമ്മീഷണർ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പൊതുമേൽനോട്ടം നിർവ്വഹിക്കുന്ന തിനുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ഈ ആവശ്യത്തിലേക്കായി സർക്കാർ ചുമതലപ്പെടുത്തുന്ന ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത, ഉദ്യോഗസ്ഥൻ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

(2) ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.".

4. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ,—

(i) (എൽ) ഖണ്ഡത്തിൽ ''രണ്ട് പരിസ്ഥിതി പ്രവർത്തകർ'' എന്ന വാക്കുകൾക്കുപകരം "മൂന്ന് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(പി) ജില്ലയിൽ അധികാരിതയുള്ള [***]റവന്യൂ ഡിവിഷണൽ ആഫീസർ അഥവാ റവന്യൂ ഡിവിഷണൽ ആഫീസർമാർ ;

(ക്യു) ജില്ലയിലെ രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടന കളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ ;

(ആർ) ജില്ലയിലെ എല്ലാ താലൂക്കുകളിലെയും തഹസിൽദാർമാരും മണൽ വാരൽ നിയന്ത്രണവുമായി ബന്ധപ്പെട്ട് അധികാരിതയുള്ള അഡീഷണൽ തഹസിൽദാർമാരും.

(2) (3)-ാം ഉപവകുപ്പിൽ, "ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ" എന്ന വാക്കുകൾക്ക് പകരം "[***] ഹെഡ്ക്വാർട്ടേഴ്സിന്റെ ചുമതലയുള്ള റവന്യൂ ഡിവിഷണൽ ആഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (ഐ) ഖണ്ഡത്തിൽ, "രണ്ട് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) പ്രസ്തുത പ്രദേശത്തെ, രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടനകളിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ.".

6. 9-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(i) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ" എന്ന വാക്കുകൾക്കുശേഷം, "അഥവാ സർക്കാർ അതതുസമയം വിനിർദ്ദേശിച്ചേക്കാവുന്ന, ഈ മേഖലയിലെ മറ്റ് ഏജൻസികളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ് ;

(ii) (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഏതെങ്കിലും കടവിനെ സംബന്ധിച്ച് 12-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സാധ്യമല്ലാതിരിക്കുകയോ, അല്ലെങ്കിൽ നടപ്പിലാക്കാതിരിക്കുകയോ, ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള കടവിൽ നിന്നും മണൽ വാരുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതി, അനുവാദം നൽകുവാൻ പാടില്ലാത്തതും മുമ്പ് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കേണ്ടതും ആകുന്നു.".

7. 12-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "രാവിലെ 6 മണിക്ക് മുമ്പും വൈകുന്നേരം 3 മണിക്ക് ശേഷവും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്ക് മുമ്പും വൈകുന്നേരം 4 മണിക്ക് ശേഷവും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് ;

(ii) (4)-ാം ഉപവകുപ്പിൽ "10" എന്ന അക്കത്തിനുപകരം "15" എന്ന അക്കം ചേർക്കുക;

(iii) (5)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ ജലവിതരണ പദ്ധതിയുടെ പമ്പിംഗ് സ്റ്റേഷനിൽ നിന്നോ തടയണയിൽ നിന്നോ അവയുടെ സംരക്ഷണഭിത്തിയിൽ നിന്നോ നദീതീരത്തുവച്ച് നടത്തുന്ന ഏതെങ്കിലും മതപരമോ സാംസ്കാരികമോ ആയ പ്രവർത്തന വേദിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്തുവാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി "ജലവിതരണ പദ്ധതി" എന്ന പദപ്രയോഗത്തിന് 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31) നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്." ;

(iii) (10)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) ഒരു കടവിലെ മണൽവാരൽ പ്രവർത്തനങ്ങളും അത്തരം മണൽ കടത്തിക്കൊണ്ടുപോകുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രമേ ചെയ്യുവാൻ പാടുള്ളൂ.".

8. 15-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) കടവുകൾ അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ ഒഴികെ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും സാധ്യതയുള്ള മറ്റെല്ലാ സ്ഥലങ്ങളും, യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരുന്നില്ലെന്നും അനധികൃത മണൽ വാരലും നീക്കം ചെയ്യലും നടത്തുന്നില്ലെന്നും ഉറപ്പ് വരുത്തുന്നതിലേക്കായി, ചങ്ങലകളും തൂണുകളും സ്ഥാപിച്ച് അടയ്ക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള സ്ഥലങ്ങളുടെ അടയ്ക്കൽ 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്റ്റ് (1882-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഏതെങ്കിലും ആൾക്ക് സിദ്ധിച്ചിട്ടുള്ള യാതൊരു അവകാശത്തെയും ബാധിക്കുവാൻ പാടുള്ളതല്ല.

(6) മണൽ വാരുവാൻ അനുവദിച്ചിട്ടുള്ള ഭാഗങ്ങൾ വ്യക്തമായ അടയാളങ്ങൾ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്.

(7) മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും ഉപയോഗിക്കുന്ന എല്ലാ വള്ളങ്ങൾക്കും, 23-ാം വകുപ്പിലെ വിശദീകരണത്തിൻ കീഴിൽ വരുന്ന അങ്ങനെയുള്ള മറ്റു വാഹനങ്ങൾക്കും പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകേണ്ടതും അപ്രകാരം നമ്പരില്ലാത്ത വാഹനങ്ങളിൽ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും അനുവാദം നൽകുവാൻ പാടില്ലാത്തതുമാകുന്നു.".

9. 17-ാം വകുപ്പിനുള്ള ഭേദഗതി.—(i) പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിൽ "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലുള്ള ഓരോ പഞ്ചായത്തിനുംവേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യാവുന്ന, റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (5)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) (1)-ാം ഉപവകുപ്പ് പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുമായി ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്."

10. 23-ാം വകുപ്പിന് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിന് പകരം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"23. വാഹനം, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, പണിയായുധങ്ങൾ മുതലായവ പിടിച്ചെടുക്കൽ.—ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പാലിക്കാതെ, ഏതെങ്കിലും ആൾ ഒരു കടവിൽ നിന്നും മണൽ വാരുകയോ അവിടെ നിന്നും മണൽ കടത്തിക്കൊണ്ടുപോകുകയോ ചെയ്യുന്നിടത്ത് റവന്യൂ വകുപ്പിലെ വില്ലേജ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അഥവാ സ്റ്റേഷൻ ഹൗസ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അഥവാ പ്രത്യേക സംരക്ഷണ സേനയിലെ ഒരംഗമോ, അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ പണിയായുധങ്ങൾ, ഉപകരണങ്ങൾ, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ, മറ്റുസാധനങ്ങൾ എന്നിവ, മണൽ ഉൾപ്പെടെ, പിടിച്ചെടുക്കേണ്ടതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി 'വാഹനം' എന്ന പദപ്രയോഗത്തിൽ നാടൻവള്ളം, ചങ്ങാടം, മറ്റേതെങ്കിലും യാനം എന്നിവ കൂടി ഉൾപ്പെടുന്നതാണ്.

23എ. മണൽ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 23-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വസ്തുക്കൾ പിടിച്ചെടുക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻ, പ്രസ്തുത വസ്തുക്കളിന്മേൽ എല്ലാം അവ പിടിച്ചെടുത്തതാണ് എന്ന് സൂചിപ്പിക്കുന്നതിനുള്ള ഒരു മുദ്ര വയ്ക്കേണ്ടതും, പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അപ്രകാരം വസ്തുക്കൾ പിടിച്ചെടുത്ത് 48 മണിക്കൂറിനകം, അങ്ങനെ പിടിച്ചെടുത്തതായി, പ്രസ്തുത വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുൻപാകെയും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെയും ഓരോ റിപ്പോർട്ട് നൽകേണ്ടതും അങ്ങനെ പിടിച്ചെടുത്ത വിവരം വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറെക്കൂടി അറിയിക്കേണ്ടതുമാണ്. ഇപ്രകാരം വസ്തുക്കൾ പിടിച്ചെടുത്തത് സംബന്ധിച്ച വിവരം ലഭിക്കുന്നപക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 102-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ലഭിക്കുന്നപക്ഷം അതിന്മേൽ, ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത യിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ട തും പിടിച്ചെടുത്ത വസ്തുക്കൾ സംബന്ധിച്ച് യാതൊരു അവകാശവാദവും ഉന്നയിക്കാതിരിക്കുകയോ അവ വിട്ടുകിട്ടുവാനുള്ള അപേക്ഷ തൃപ്തികരമല്ലെന്ന് കോടതിക്ക് ബോധ്യപ്പെടുകയോ ചെയ്യുന്നപക്ഷം അവ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ് :

എന്നാൽ, പിടിച്ചെടുത്ത വസ്തു അതിന്റെ ശരിയായ സൂക്ഷിപ്പിനുവേണ്ടി ഏതൊരാൾക്കും നൽകുകയോ, വിട്ടുകൊടുക്കുകയോ ചെയ്യുന്നത് മതിയായ ഈടിന്മേൽ ആയിരിക്കേണ്ടതും അങ്ങനെ നൽകുകയോ വിട്ടുകൊടുക്കുകയോ ചെയ്യുന്നത് ഈ ആക്റ്റ് പ്രകാരമുള്ള കണ്ടുകെട്ടൽ നടപടികൾ പൂർത്തിയാകുന്നതുവരെ മാത്രമായിരിക്കേണ്ടതുമാണ് :

എന്നുമാത്രമല്ല, യാതൊരു കാരണവശാലും പിടിച്ചെടുത്ത മണൽ യാതൊരാൾക്കും വിട്ടുകൊടുക്കാൻ പാടില്ലാത്തതും ആയത് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ഒരു സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ലഭിക്കുന്ന പക്ഷം 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ, നോട്ടീസിൽ പറയുന്ന പ്രകാരമുള്ള നിശ്ചിതസമയത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്, വാഹനത്തിന്റെയോ പണിയായുധങ്ങളുടെയോ ഉപകരണങ്ങളുടെയോ കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങളുടെയോ മറ്റു വസ്തുക്കളുടെയോ ഉടമസ്ഥന് അഥവാ അതിന്റെ നിയന്ത്രണമുള്ള ആൾക്ക് ഒരു നോട്ടീസ് നൽകേണ്ടതാണ്.

(4) പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അതിന്റെ നിയന്ത്രണ മുള്ള ആളോ വിശദീകരണം നൽകാതിരിക്കുകയോ നൽകിയ വിശദീകരണം തൃപ്തികര മല്ലാതിരിക്കുകയോ ചെയ്യുകയും 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടേണ്ടതാണെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അദ്ദേഹം, ഒരു ഉത്തരവുമൂലം അത് കണ്ടുകെട്ടേണ്ടതും, ആ വിവരം അവയുടെ ഉടമസ്ഥനെയോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളിനെയോ അറിയിക്കേണ്ടതുമാണ്:

എന്നാൽ, പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ, കണ്ടുകെട്ടിയ വസ്തുക്കൾക്ക് പകരമായി, മണൽ ഒഴികെ, കണ്ടുകെട്ടിയ വസ്തുക്കളുടെ, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയ്ക്ക് തുല്യമായ തുക അടച്ചുകൊണ്ട് അവ വീണ്ടെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ട താണ് :

എന്നുമാത്രമല്ല, യാതൊരു കാരണവശാലും വില ഈടാക്കിക്കൊണ്ട്, കണ്ടുകെട്ടിയ മണൽ വിട്ടുകൊടുക്കുവാൻ പാടുള്ളതല്ല.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച തുക 23 ഡി വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

(7) ഈ വകുപ്പ് പ്രകാരം കണ്ടുകെട്ടൽ നടത്തുന്നത് പ്രസ്തുത കുറ്റത്തിന് ഈ ആക്റ്റ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷയ്ക്കു പുറമേ ആയിരിക്കുന്നതാണ്.

23ബി. ജില്ലാ കളക്ടർക്കുള്ള റിവിഷൻ.—23എ വകുപ്പ് പ്രകാരമുള്ള കണ്ട്കെട്ടൽ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, പ്രസ്തുത ഉത്തരവിന്റെ തീയതി മുതൽ 15 ദിവസത്തിനകം ജില്ലാ കളക്ടർക്ക് റിവിഷൻ നൽകാവുന്നതും പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കേണ്ടതാണ് എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന് പ്രസ്തുത ഉത്തരവ് പുതുക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, സമയപരിധിക്കുള്ളിൽ റിവിഷൻ ഫയൽ ചെയ്യാതിരുന്നതിന് റിവിഷൻ അപേക്ഷകന് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം അദ്ദേഹത്തിന് 15 ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതും എന്നാൽ അതിന് ശേഷമുള്ള കാലതാമസം മാപ്പാക്കുവാൻ പാടില്ലാത്തതുമാകുന്നു.

23സി. ജില്ലാ കോടതിക്കുള്ള അപ്പീൽ.—(1) 23ബി വകുപ്പിൻ കീഴിലുള്ള, ജില്ലാ കളക്ടറുടെ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, ജില്ലാകളക്ടറുടെ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം വസ്തു പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പിലിന്മേൽ ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

23ഡി. കണ്ടുകെട്ടിയ വസ്തു അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുക മടക്കി നൽകൽ.—23ബി വകുപ്പ് പ്രകാരം ഫയൽ ചെയ്ത റിവിഷനിൽ ജില്ലാ കളക്ടറോ, അഥവാ 23സി വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപ്പീലിൽ ജില്ലാ കോടതിയോ, അതത് സംഗതിപോലെ, 23എ വകുപ്പ് അഥവാ 23ബി വകുപ്പ് പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്താൽ, കണ്ടുകെട്ടിയ വസ്തുക്കളോ അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുകയോ അവയുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ തിരിച്ചു നൽകേണ്ടതും തുക തിരിച്ച് നൽകുന്ന സംഗതിയിൽ അത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്.".

11. 25-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—(1) അധികാരിതയുള്ള കോടതിക്ക്, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റമാണെന്നുള്ള വിവരങ്ങൾ കാണിച്ചുകൊണ്ട്, 23-ാം വകുപ്പിൽ പരാമർശിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെയോ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലോ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 173-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു പോലീസ് റിപ്പോർട്ടിന്മേലോ അങ്ങനെയുള്ള കുറ്റം വിചാരണയ്ക്കെടുക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥന് ബോദ്ധ്യമാകുന്ന പക്ഷം അദ്ദേഹം അതു സംബന്ധിച്ച് എത്രയുംപെട്ടെന്ന് അധികാരിതയുള്ള മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഒരു പരാതി ബോധിപ്പിക്കേണ്ടതാണ്.".

12. 26എ, 26ബി, 26സി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"26എ. പ്രത്യേക സംരക്ഷണസേനയുടെ രൂപീകരണം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടി, സർക്കാർ, ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണ്.

(2) പ്രത്യേക സംരക്ഷണ സേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

26 ബി ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടിയോ യാതൊരാൾക്കും എതിരെ നിലനിൽക്കുന്നതല്ല.

26സി. ചില ഉദ്യോഗസ്ഥർ പബ്ലിക് സെർവന്റുമാരായി കരുതപ്പെടുമെന്ന്.—23, 23എ, 25 എന്നീ വകുപ്പുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കരുതപ്പെടുന്നതാണ്.".

13. സാധൂകരണവും താൽക്കാലിക വ്യവസ്ഥകളും.—2011-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 20) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യ ത്തിലില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ 2010 ജൂൺ 14-ാം തീയതി മുതൽ 2011 ജൂലൈ 13-ാം തീയതി വരെ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എല്ലാ കാര്യങ്ങളും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ എല്ലാ നടപടികളും സാധുവായി കരുതപ്പെടേണ്ടതും ;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത കാലയളവിൽ പിടിച്ചെടുത്ത വസ്തുക്കൾ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം പ്രോസിക്യൂഷൻ നടപടികളും കണ്ടുകെട്ടൽ നടപടികളും തുടരാവുന്നതും ;

ആകുന്നു:

എന്നാൽ, 2011 ജൂലൈ 13-ാം തീയതി മുതൽ 2012-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി ) ഓർഡിനൻസ് (2012-ലെ 60) പ്രാബല്യത്തിൽ വന്ന തീയതി വരെയുള്ള കാലയളവിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

14. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2013-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഫെബ്രുവരി 14.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*